## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 994** **13/06/2013-ൽ മറുപടിക്ക്**

**<u>സർക്കാർ എയ്ഡഡ് സ്കൂളുകളിലെ കുട്ടികളുടെ എണ്ണവും പഠന നിലവാരവും</u>**

| ചോദ്യം<br>ശ്രീമതി. കെ.എസ്. സലീഖ | | ഉത്തരം<br>ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 2013-14 അദ്ധ്യയന വർഷം ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയ കുട്ടികളെത്ര; ഇത് 2012-13 ൽ എത്രയായിരുന്നു; വ്യക്തമാക്കുമോ; | (എ) | സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 2012-13 വർഷം 259174 കുട്ടികൾ ഒന്നാം ക്ലാസിൽ പ്രവേശനം നേടി. 2013-14 അദ്ധ്യയന വർഷം പ്രവേശനം നേടിയ കുട്ടികളുടെ വിവരം ശേഖരിച്ചുവരുന്നു. |
| (ബി) | സർക്കാർ/എയ്ഡഡ് സ്കൂളുകളിലായി 2013-14 അദ്ധ്യയന വർഷം എത്ര കുട്ടികൾ പഠിക്കുന്നു; ആയത് 2012-13-ൽ എത്രയായിരുന്നു; വ്യക്തമാക്കുമോ; | (ബി) | 2012-13 വർഷത്തിൽ സർക്കാർ/ എയ്ഡഡ് സ്കൂളുകളിലായി 3611313 കുട്ടികൾ പഠിച്ചിരുന്നു. 2013-14 വർഷത്തെ വിവരം ശേഖരിച്ചുവരുന്നു. |
| (സി) | സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾ സി.ബി.എസ്.ഇ/ഐ.സി. എസ്.ഇ/ഐ.എസ്.സി. വിഭാഗത്തിലേക്ക് കൊഴിഞ്ഞു പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | വിവരം ശേഖരിച്ചുവരുന്നു. |
| (ഡി) | സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ എണ്ണമെത്ര; ഇതിൽ എത്ര അദ്ധ്യാപകരുടെ മക്കൾ സി.ബി.എസ്.ഇ/ ഐ.സി.എസ്.ഇ/ഐ.എസ്.സി എന്നിവയിലൂടെ വിദ്യാഭ്യാസം ഇപ്പോൾ നടത്തിവരുന്നു; വ്യക്തമാക്കുമോ; | (ഡി) | സർക്കാർ/എയ്ഡഡ് സ്കൂളുകളിലായി 1,54,724 അധ്യാപകരുണ്ട്. അധ്യാപകരുടെ മക്കൾ പഠിക്കുന്ന സ്കൂളുകൾ സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല. |

| | | |
|---|---|---|
| (ഇ) | മതിയായ അദ്ധ്യയനം ലഭ്യമല്ലാത്തതിനാലാണ് സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ നിന്നും മറ്റ് മേഖലകളിലേക്ക് രക്ഷകർത്താക്കൾ കുട്ടികളെ മാറ്റുന്നതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | <u>(ഇ), (എഫ്) & (ജി)</u><br>വിവരം ശേഖരിച്ചുവരുന്നു. |
| (എഫ്) | പ്രസ്തുത സ്കൂളുകളിൽ ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കാനായി ഇംഗ്ലീഷ് പ്രധാനവിഷയമായി യോഗ്യത നേടിയ എത്ര അദ്ധ്യാപകരാണ് നിലവിലുള്ളത്; ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം ഉള്ള എത്ര അദ്ധ്യാപകരാണ് ആകെ വേണ്ടത്; വിശദമാക്കുമോ; | |
| (ജി) | സർക്കാർ/എയ്ഡഡ് മേഖലയിലെ വിദ്യാഭ്യാസ നിലവാരത്തെക്കുറിച്ച് ശാസ്ത്രീയമായ സർവ്വേ നടത്തുന്ന 'പ്രഥം' എന്ന ഏജൻസിയുടെ 2012-ലെ ആന്വൽ സ്റ്റാറ്റസ് ഓഫ് എഡ്യൂക്കേഷൻ റിപ്പോർട്ട് (അസർ) പ്രകാരം കേരളം ഓരോ വിഭാഗത്തിലും എത്രാമത്തെ സ്ഥാനത്താണെന്നാണ് വിലയിരുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ? | |

Sreedevi

**സെക്ഷൻ ഓഫീസർ**